FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

This question paper consists of **30** questions and **7** printed pages.

ഈ ചോദ്യപേപ്പറിൽ **30** ചോദ്യങ്ങളും, **7** അച്ചടിച്ച പുറങ്ങളും ഉണ്ട്.

**Roll No.**
**റോൾ നമ്പർ**

**Code No.** **50/S/A/MM**
**കോഡ് നമ്പർ**

# MALAYALAM
# മലയാളം
# (232)

**SET** **A**

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ..............................

**Signature of Invigilators** **1.** ..............................
**(ഇൻവിജിലേറ്ററിന്റെ ഒപ്പ്)**
**2.** ..............................

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യപേജിൽ പ്രിന്റുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A)**, **(B)**, **(C)**, **(D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **50/S/A/MM, Set A** എഴുതേണ്ടതാണ്.



www.FirstRanker.com
FirstRanker.com
Firstranker's choice

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

# MALAYALAM
# മലയാളം
# (232)

സമയം : 3 മണിക്കൂർ ] [മാർക്ക് : 100

**നിർദ്ദേശങ്ങൾ :**

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിലുള്ള ഉത്തരങ്ങളിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതിയാൽ മതിയാകും.

1. ഇന്ത്യയുടെ നാനാത്വത്തെക്കുറിച്ചുള്ള ലേഖകന്റെ അഭിപ്രായമെന്ത് ? **11 × 1 = 11**

(A) അത് ദേഹപ്രകൃതിയെയല്ല കുറിക്കുന്നത്

(B) മാനസികങ്ങളായ സമ്പ്രദായങ്ങളുമായി അതിന് ബന്ധമില്ല

(C) അത് പ്രത്യക്ഷമാണ്

(D) ഉപരിതലത്തിൽ ആർക്കും ദർശിക്കാനാവില്ല

2. 'ഏക മതം' എന്ന ഉപദേശത്തിലൂടെ നാരായണഗുരു അർത്ഥമാക്കുന്നത് എന്ത് ?

(A) എല്ലാവരും ഒരു മതത്തിൽ ചേരണം

(B) ഓരോരുത്തരും ഓരോ മതം സ്വീകരിക്കണം

(C) മതങ്ങളിൽ ഒന്ന് മറ്റൊന്നിനെ തോല്പിക്കുന്നു

(D) പ്രധാന തത്വങ്ങളിൽ മതങ്ങൾക്കു തമ്മിൽ വ്യത്യാസമില്ല

3. വിഷം ഭുജിച്ച് പ്രാണവായു തരുന്നത് ആര് ?

(A) നീലകണ്ഠസ്വാമി

(B) മരം

(C) മഴ

(D) കുന്നുകൾ



FirstRanker.com
Firstranker's choice
www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

4. വി.ടി. ഭട്ടതിരിപ്പാടിന് ചൊടിപ്പുതോന്നിയ സന്ദർഭം ഏത് ?

(A) അച്ഛൻ ഉണ്ട ഇലയിൽ അമ്മ ഉണ്ണുന്നതുകണ്ട്

(B) ഭാഗ്യസൂക്തം ഉരുവിടുന്നതുകണ്ട്

(C) അമ്മയോടൊപ്പം അമ്പലത്തിൽ പോകേണ്ടി വരുമ്പോൾ

(D) തേവരുടെ മുമ്പിൽ സങ്കടം പറയുന്നതുകണ്ട്

5. ചന്ദനലതയിൽ അധോമുഖശയനം ചെയ്യുന്ന മണിനാഗമായി കവി സങ്കല്പിച്ചിരിക്കുന്നത് എന്തിനെ ?

(A) നായികയുടെ കരിവണ്ടിൻനിരപോലുള്ള കുറുനിരയെ

(B) പനിനീരലർ ചൂടിയ ചികുരഭരത്തെ

(C) കാല്യലസജ്ജലകന്യകയെ

(D) അദൃശ്യ ശരീരികളെ

6. മറ്റുള്ള ഭാഷകളെ കവി ആരോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

(A) വാത്സല്യ ദുഗ്ധത്തോട്

(B) ധാത്രിയോട്

(C) പെറ്റമ്മയോട്

(D) പിഞ്ചിളം കുഞ്ഞിനോട്

7. "ഓലക്കമാണ്ടവൻ കോലക്കുഴലോടു

ചാലപ്പഠിച്ചായ് നീയെന്നു തോന്നും" – ആരോടാണ് ഗോപികമാർ ഇങ്ങനെ പറയുന്നത് ?

(A) കോകിലത്തോട്

(B) ഏണങ്ങളോട്

(C) അത്തിയോട്

(D) പിച്ചകത്തോട്



FirstRanker.com
Firstranker's choice
www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

8. സാമുദായിക വ്യവസ്ഥയ്ക്ക് ഉറപ്പു നല്കുന്നത് എന്ത് ?

(A) കുട്ടികളെ വാത്സല്യത്തോടെ വളർത്തുന്നത്

(B) കുടുംബ ബന്ധം

(C) കച്ചവടത്തിലെ അഭിവൃദ്ധി

(D) ഉദ്യോഗത്തിലെ ഉയർച്ച

9. "നല്ലോരു ചൂലു മനസ്സിൽ നല്ലൂ" – എന്ന് കുഞ്ഞുണ്ണി ഉപദേശിക്കുന്നത് എന്തിനുള്ള വഴിയായിട്ടാണ് ?

(A) നളപാകക്കാരനാകുന്നതിന്

(B) പരിസരം വൃത്തിയാക്കുന്നതിന്

(C) പെണ്ണുകാണാൻ പോകുന്നതിന്

(D) നമ്മൾ നന്നാകുന്നതിന്

10. 'കച്ചട്ടിസ്വാമി' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(A) കച്ചകെട്ടിയ സ്വാമി

(B) കല്ലുകൊണ്ടുള്ള ചട്ടിയാകുന്ന സ്വാമി

(C) കല്ലുകൊണ്ടുള്ള ചട്ടിയുണ്ടാക്കുന്ന സ്വാമി

(D) കച്ചട്ടിയായ സ്വാമി

11. താഴെപ്പറയുന്നവരിൽ സഞ്ചാരസാഹിത്യകാരനായി അറിയപ്പെടുന്നത് ആര് ?

(A) എസ്.കെ. പൊറ്റെക്കാട്

(B) കുഞ്ഞുണ്ണി

(C) വി.ടി. ഭട്ടതിരിപ്പാട്

(D) എം.ടി. വാസുദേവൻ നായർ



FirstRanker.com
Firstranker's choice
www.FirstRanker.com

FirstRanker.com
Firstranker's choice


12. അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

(i) കടുംകൈ 2

(ii) വിരചിക്കുക 2

13. "ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു" – അലങ്കാരം എന്ത് ? 2

14. പുരാവസ്തു ശാസ്ത്രജ്ഞന്മാർ എന്നു വിശേഷിപ്പിക്കുന്നത് ആരെ ? 2

15. മാതൃഭാഷയുടെ മഹത്വം സൂചിപ്പിക്കാൻ കവി അവതരിപ്പിക്കുന്ന രണ്ടു വാദമുഖം എഴുതുക. 2

16. "രക്ഷിക്കുവാൻ കടപ്പെട്ടവനിൽനിന്നു-
മിക്ഷിതിഗർഭത്തിൽ രക്ഷതേടുന്നവൾ" – ഇവിടെ സൂചിപ്പിക്കുന്ന പുരാണ കഥാസന്ദർഭം എഴുതുക. 3

17. 'നെയ്പായസം' എന്ന കഥയിൽ ഭാര്യയോടുള്ള അവഗണന സൂചിപ്പിക്കുന്ന ഒരു സന്ദർഭം എഴുതുക. 3

18. ഡയറിക്കുറിപ്പിന്റെ ഏതെങ്കിലും രണ്ടു സവിശേഷതകൾ വിവരിക്കുക. 3

19. രാവണൻ പുലിവാലു പിടിക്കേണ്ടിവന്നത് എന്തുകൊണ്ട് ? 3

20. ചാക്യാർകൂത്ത് എന്ന കലാരൂപത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ? 3

21. "എന്തെന്റെ മാവേലീ ഓണം വന്നൂ" – എന്ന് വിലപിക്കുന്ന നാടോടിയുടെ ജീവിത ദുഃഖങ്ങൾ കണ്ടെത്തി വിവരിക്കുക. 4

22. ഉപരിപഠനത്തിനായി മറ്റൊരു സ്ഥാപനത്തിൽ ചേരുന്നതിന് സ്കൂളിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് അപേക്ഷ തയ്യാറാക്കുക. 4



FirstRanker.com
Firstranker's choice
www.FirstRanker.com

FirstRanker.com
Firstranker's choice


23. കാവ്യഭാവനയെക്കുറിച്ചുള്ള ചങ്ങമ്പുഴയുടെ സങ്കല്പങ്ങൾ 'മനസ്വിനി' എന്ന കവിതയിൽ തെളിയുന്നത് എങ്ങനെ ? **4**

24. 'വാസവദത്ത' എന്ന കവിതാഭാഗത്ത് തെളിയുന്ന കുമാരനാശാന്റെ വർണ്ണനാപാടവം വിവരിക്കുക. **5**

25. 'വളർത്തുമൃഗങ്ങൾ' എന്ന കഥയിലെ ഇഷ്ടപ്പെട്ട കഥാപാത്രത്തെ അടിസ്ഥാനമാക്കി കഥാപാത്ര നിരൂപണം തയ്യാറാക്കുക. **5**

26. 'കച്ചട്ടിസ്വാമിയാരുടെ കഥ' നല്കുന്ന പാഠം എന്ത് ? അത് ആവിഷ്ക്കരിക്കുന്നതിന് സഞ്ജയൻ സ്വീകരിച്ച മാർഗ്ഗത്തിന്റെ സവിശേഷത വിവരിക്കുക. **5**

27. ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. **5**

നമുക്കിലുയരാം നടുകിൽ തിന്നാം
നൽകുകിൽ നേടീടാം
നമുക്കു നാമേ പണിവതു നാകം
നരകവുമതുപോലെ

28. താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് ഒരു പരാവർത്തനം തയ്യാറാക്കുക. **10**

പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ,
ഒന്നൊരു വേട്ടുവൻ മറ്റേതവൻ വേട്ട
പെണ്ണിവർ പാരിന്റെ പാദം പണിയുവോർ;
ഭൂതം കണക്കിനെ മൂടൽമ,ഞ്ഞഭ്രവും
ഭൂമിയും മൂടിപ്പരന്നുനിന്നീടവേ,
തങ്ങളിൽ തന്നേയടങ്ങി, നിലാവത്തു
തെങ്ങുകൾ നിന്ന നിലയ്ക്കുറങ്ങീടവേ,
ഈയർദ്ധനഗ്നരാം ദമ്പതിമാർകളോ
പാടത്തു പുഞ്ചയ്ക്കു പാരണ നൽകയാം.



FirstRanker.com
Firstranker's choice
www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

29. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക. **10**

ഇന്നത്തെ കൃഷി കാര്യങ്ങളിൽ കാണുന്ന അരാജകത്വവും അനാസ്ഥയും മാറണമെങ്കിൽത്തന്നെ ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ട ഒരു കേരള സ്റ്റേറ്റ് ഉണ്ടായേ കഴിയൂ. ആ സ്റ്റേറ്റിന് നമ്മുടെ കൃഷിയെ വളരെയധികം വികസിപ്പിക്കാനും പരിപോഷിപ്പിക്കാനും കഴിയും. കേരളത്തിലൊട്ടാകെ ആവശ്യമായ ഭക്ഷണ സാധനങ്ങളിൽ 40 ശതമാനം മാത്രമേ ഇവിടെയുണ്ടാക്കുന്നുള്ളുവെന്നും 60 ശതമാനം കമ്മിയാണെന്നും അതിനു കേന്ദ്ര ഗവൺമെന്റിനെയാണ് ആശ്രയിക്കേണ്ടതെന്നും ചിലർ വാദിക്കുന്നു. തമിഴ് പ്രദേശമൊഴിച്ചുള്ള തിരു-കൊച്ചിക്ക് 8370 ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ട്. അതിൽ 3000-ത്തോളം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള സംരക്ഷിത വനപ്രദേശങ്ങളുണ്ടെന്ന് കണക്കാക്കപ്പെടുന്നു. അതുപോലെ 5802 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള മലബാറിലും 2000-ത്തോളം ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള വനപ്രദേശമുണ്ട്. വനങ്ങൾക്കു കേടുവരാതെതന്നെ 2000 ചതുരശ്രമൈൽ സ്ഥലം കൃഷിക്ക് ഉപയോഗിക്കാൻ കഴിയും.

30. ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക. **12**

(i) ബാലവേലയും കുട്ടികളുടെ അവകാശങ്ങളും

(ii) കേരളത്തിലെ പരമ്പരാഗത കലകൾ

(iii) ഗ്രന്ഥശാലകളും, സാമൂഹിക വികാസവും

---



FirstRanker.com
Firstranker's choice
www.FirstRanker.com

FirstRanker.com
Firstranker's choice
www.FirstRanker.com www.FirstRanker.com

firstranker.com
www.FirstRanker.com



FirstRanker.com
Firstranker's choice
www.FirstRanker.com